തിരുത്തി റാങ്കിംഗിനായി തയ്യാറാക്കുകയും ചെയ്യുന്ന പ്രക്രിയ നടന്നുവരുന്നു. ആയതിന് ശേഷം കരട് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് സോഷ്യൽ ആഡിറ്റിംഗ് നടത്തി പരാതിയും ആക്ഷേപങ്ങളും പരിഹരിച്ച് അന്തിമ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകുന്നതാണ്.

(ബി) അപേക്ഷയോടൊപ്പം ലഭിക്കുന്ന വിവരങ്ങൾ സമഗ്രമായ ഒരു സോഷ്യൽ ഓഡിറ്റിംഗ് പ്രക്രിയയിലൂടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ രൂപപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(സി) 1-1-2015-ന് 2 വയസ്സ് തികയുന്ന കുട്ടിയുടെ പേര് പുതിയ കാർഡുകളിൽ ചേർക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സറണ്ടർ സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ കൈവശമുള്ളവർക്ക് പുതിയ റേഷൻ കാർഡിന്റെ വിതരണം കഴിഞ്ഞിട്ട് പേരുകൾ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റേഷൻ വിഹിതത്തിലെ കുറവ്

249 (1333) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇണഭോക്താക്കൾക്ക് നൽകിവരുന്ന റേഷൻ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) റേഷൻ കടകൾ വഴി ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഇണഭോക്താക്കൾക്ക് എത്ര അളവിലാണ് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതെന്നും 2011 ആദ്യമാസങ്ങളിൽ ഇവയുടെ അളവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രതവണ റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കേന്ദ്രസർക്കാർ അനുവദിച്ച റേഷൻ വസ്തുക്കൾ യഥാസമയം ഏറ്റെടുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇത് റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്താൻ ഇടയാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെട്ടിക്കുറവ് വരുത്തിയിട്ടില്ല. കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതിനനുസരിച്ച് ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം നല്കിവരുന്നുണ്ട്.

(ബി) നിലവിൽ ബി.പി.എൽ. കാർഡുടമകൾക്ക് 25 കിലോഗ്രാം അരിയും 7 കിലോഗ്രാം ഗോതമ്പും എ.പി.എൽ. കാർഡുടമകൾക്ക് 9 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും, എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 35 കിലോഗ്രാം അരിയും അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരിയും, ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകിവരുന്നുണ്ട്.

(സി) വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

(ഡി) കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്ന റേഷൻ വിഹിതം വിട്ടെടുപ്പിൽ വീഴ്ചയുണ്ടായിട്ടില്ല. ഇതുമൂലം റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ

250 (1334) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രിസ്വയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ വഴി എന്തൊക്കെ സാധനങ്ങളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്;

(ബി) ഇതിൽ ഏതെല്ലാം സാധനങ്ങളുടെ സബ്സിഡിയാണ് ഇപ്പോൾ നിർത്തലാക്കിയിട്ടുള്ളത്

(സി) നിർത്തലാക്കിയ സബ്സിഡികൾ പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന ചെറുപയർ, ഉഴുന്ന് പോൾ, വൻകടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, കുറുവ അരി, മട്ട അരി, ജയ അരി, വെളിച്ചെണ്ണ എന്നി 13 ഇനം അവശ്യ സാധനങ്ങളും കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly